കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ്‌ലിമിറ്റഡ്(ഇന്ത്യൻ കമ്പനിനിയമം 1956 പ്രകാരം രൂപീകരിച്ചത്)
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജനറേഷൻ സർക്കിൾ,
തൃശ്ശൂർ.വൈദ്യുതിഭവനം, കോട്ടപ്പുറം, തൃശ്ശൂർ ജില്ല, കേരളം-680004
ഫോൺ:0487 2380440 &
9496009912;മൊബൈൽ:9446008463;ഫാക്സ്:04872 380368ഇ-മെയിൽ: dcegtsr@gmail.com

## ദർഘാസ് / ലേലപരസ്യം.

**ദർഘാസ് / ലേലപരസ്യനമ്പർ :01/2024-25/DYCE/GEN/TSR dtd. 14.05.2024**

തൃശ്ശൂർ ജനറേഷൻ സർക്കിളിന്റെ കീഴിലുള്ള BDPP, ബ്രഹ്മപുരത്തിൽ നിൽക്കുന്ന 60 വിവിധ ഇനം മരങ്ങൾ വിൽപ്പനക്കായി മത്സര സ്വഭാവമുള്ള ദർഘാസുകൾ പരിചയസമ്പന്നരായ കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേരും ദർഘാസ് നമ്പറും രേഖപ്പെടുത്തി മുദ്രവെച്ച കവറുകളിൽ രജിസ്റ്റേർഡ്/സ്പീഡ്പോസ്റ്റ്/കൊറിയർ മുഖേന മാത്രം 28.05.2024 ന് 4.00 മണിക്ക് മുൻപായി ലഭിക്കത്തക്ക വിധത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ജനറേഷൻ സർക്കിൾ, വൈദ്യുതി ഭവനം, തൃശ്ശൂർ -680004 എന്ന വിലാസത്തിൽ ക്ഷണിച്ചുകൊള്ളുന്നു. മേൽപ്പറഞ്ഞ വസ്തുക്കൾ BDPP ബ്രഹ്മപുരത്തിൽ നിന്നും എടുക്കേണ്ടതാണ്. പങ്കെടുക്കുന്നവർ പാൻകാർഡ് ഉള്ളവരായിരിക്കണം.

തിയ്യതി: 14.05.2024
തൃശ്ശൂർ

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
ജനറേഷൻ സർക്കിൾ, തൃശ്ശൂർ

| | | |
|---|---|---|
| ദർഘാസ് / ലേല നമ്പർ | : | **01/2024-25/DYCE/GEN/TSR dtd.14.05.2024** |
| അടങ്കൽ തുക | : | **Rs. 3,28,855/-** |
| ദർഘാസ് പ്രമാണ വിൽപ്പന | : | **14.05.2024, 10** മണി മുതൽ **24.05.2024, 4** മണി വരെ |
| ദർഘാസ് പ്രമാണത്തിന്റെ വില | : | **200** രൂപ**+18% GST** |
| നിരദ്രവ്യം (ലേലത്തിന്റെ/ദർഘാസിന്റെ) | : | **Rs. 32900/-** |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതിയും സമയവും | : | **28.05.2024** വൈകിട്ട് **4** മണിവരെ |
| ദർഘാസ് തുറക്കുന്ന തിയ്യതിയും സമയവും | : | **29.05.2024** ലേലത്തിനു ശേഷം |
| ലേല സമയവും തിയ്യതിയും | : | **29.05.2024** ഉച്ചക്ക് **12**മണിക്ക് |
| ലേല സ്ഥലം | : | BDPP, ബ്രഹ്മപുരം. കൊച്ചി. -682303. |
| ദർഘാസുകൾ വിൽക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഓഫീസ് | : | 1. ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ കാര്യാലയം, ജനറേഷൻ സർക്കിൾ, വൈദ്യുതി ഭവനം, കോട്ടപ്പുറം, തൃശൂർ- 680 004<br><br>ഇത് കൂടാതെ കേരള സ്റ്റേറ്റ് എലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ<u>www.kseb.in</u> -ൽ നിന്നും ഡൌൺലോഡ് ചെയ്തു എടുക്കാവുന്നതാണ് |

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
ജനറേഷൻ സർക്കിൾ, തൃശ്ശൂർ

<u>നിബന്ധനകൾ</u>

1. ദർഘാസ് ഫോമുകൾ ജനറേഷൻ സർക്കിൾ തൃശ്ശൂർ ഓഫീസിൽ നിന്നും, BDPP, **ബ്ഹ്രമപുരത്തിൽ നിന്നും** ദർഘാസ് വില പണമായോ, ഡി.ഡി. ആയോ അടച്ച് വാങ്ങാവുന്നതാണ്. ഇതു കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ <u>www.kseb.in</u>നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത് എടുക്കുന്ന ദർഘാസ് പ്രമാണത്തിന്റെ വില ഡി.ഡി. ആയി അടക്കം ചെയ്ത് ദർഘാസുകൾക്കൊപ്പംഅയക്കേണ്ടതാണ്. ദർഘാസ് ഫോമുകൾ തപാലിൽ ലഭിക്കുന്നതല്ല.

2. എല്ലാ ഡിഡി.കളും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ജനറേഷൻ സർക്കിൾ, തൃശ്ശൂർ എന്ന പേരിൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽനിന്ന് എടുത്തതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തൃശൂർ റൗണ്ട് സൗത്ത് ബ്രാഞ്ചിൽ മാറാവുന്നതുമായിരിക്കണം.

3. ഉദ്ധരിച്ച തുകയുടെ 10% നിരതദ്രവ്യം ഡി.ഡി. ആയി ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

4. യാതൊരു കാരണവശാലും ലേലത്തിനിടക്കോ മുൻപോ ദർഘാസുകളുടെ എണ്ണമോ, പേരോ, മറ്റു വിവരങ്ങളോ പരസ്യപ്പെടുത്തുന്നതല്ല. ദർഘാസുകൾ ലേലത്തിനു ശേഷം മാത്രമെ തുറക്കുകയുള്ളൂ.

5. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 10.30 നും 11.30 നും ഇടയിൽ നിരദ്രവ്യമടച്ച് (നിരദ്രവ്യം ഡി.ഡി. ആയി മാത്രം) പാൻ കാർഡ് സഹിതം ഹാജരായി ടോക്കൺ വാങ്ങേണ്ടതാണ്. ടോക്കൺ ഉള്ളവരെ മാത്രമെ ലേലത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ.

6. ദർഘാസ് സമർപ്പിച്ചതുകൊണ്ട് മാത്രം ലേലത്തിൽ പങ്കെടുക്കാൻ കഴിയില്ല. എങ്കിലും മതിയായ രേഖകൾ (നിരത ദ്രവ്യത്തിന്റെ ഡി.ഡി. യുടെ പകർപ്പും പാൻ കാർഡും) ഹാജരാക്കിയാൽ ലേലദിവസം രാവിലെ 10.30 നും 11.30 നും ഇടയിൽ വന്ന് BDPP, **ബ്ഹ്രമപുരത്തിൽ നിന്നും** ടോക്കൺ വാങ്ങി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

7. ലേലം ലഭിച്ച വ്യക്തി അന്നുതന്നെ ലേലതുകയുടെ 50% അടക്കേണ്ടതാണ്. ബാക്കി തുക മൊത്തം തുകയുടെ നികുതികൾ ഉൾപ്പെടെ അടക്കാൻ ലേലം ഉറപ്പിച്ച കത്ത് ലഭിച്ച് ഒരാഴ്ച സമയം അനുവദിക്കുന്നതാണ്.

8. ദർഘാസ് ലഭിച്ച വ്യക്തിക്ക്, ഉദ്ധരിച ്ചതുകയും (നിരതദ്രവ്യം കുറച്ച്) നികുതികളും ഉൾപ്പെടെ അടക്കാൻ ദർഘാസ് ഉറപ്പിച്ച കത്ത് ലഭിച്ച് ഒരാഴ്ച സമയം അനുവദിക്കുന്നതാണ്.

9. മുകളിൽ കാണിച്ച സ്ഥലങ്ങളിൽ, പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയോടെ ലേല/ദർഘാസ് വസ്തുക്കൾ പരിശോധിക്കാവുന്നതാണ്.

10. ലേലദിവസം ഹർത്താലോ പൊതു അവധിയോ ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് അതേ സ്ഥലത്ത് ലേലം നടത്തുന്നതും ദർഘാസുകൾ തുറക്കുന്നതുമായിരിക്കും.

11. പ്രത്യേക നോട്ടീസ് കൊടുക്കാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിക്ഷിപ്തമാണ്.

12. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൻെറ ദർഘാസിനും ലേലത്തിനുമുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.

13. രണ്ടാമത്തെ ഉയർന്ന തുക വാഗ്ദാനം ചെയ്ത വ്യക്തിയുടെ നിരതദ്രവ്യം ലേല/ദർഘാസ് ലഭിച്ച വ്യക്തി 50% തുക അടച്ചതിനു ശേഷം മാത്രമെ മടക്കി കൊടുക്കുകയുള്ളൂ.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിലും www.kseb.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

സ്ഥലം: തൃശ്ശൂർ
തിയ്യതി: 14.05.2024.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
ജനറേഷൻ സർക്കിൾ, തൃശ്ശൂർ